# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.646 — 13.06.2012 ൽ മറുപടിക്ക്

## റ്റിബി ക്ളിനിക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രമേശ് ചെന്നിത്തല | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റ്റിബി ക്ളിനിക്കുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ/ചികിത്സാ അനുബന്ധ സൗകര്യങ്ങളുടെ പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഹരിപ്പാട് നിയോജക മണ്ഡലത്തിലെ കരുവാറ്റ സർക്കാർ ടി.ബി ക്ളിനിക്കിന്റെ നവീകരണത്തിനും, പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; | (ബി) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | നിർദ്ദിഷ്ട ക്ളിനിക്കിന്റെ പ്രവർത്തനത്തിനുള്ള സർക്കാർ ഗ്രാന്റുകൾ/ സാമ്പത്തിക സഹായങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | പരിശോധിച്ച് ആവശ്യമുള്ളപക്ഷം നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത ക്ളിനിക്കിന്റെ പേരിൽ ഹരിപ്പാട് ട്രഷറിയിലുള്ള അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിന് നിലവിലുള്ള സാങ്കേതിക തടസ്സം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി (എച്ച്.ഡി.സി.) നിയമപ്രകാരം പ്രസ്തുത തുക ട്രഷറിയിൽ നിക്ഷേപിക്കുകയുണ്ടായി. എച്ച്.ഡി.സി. പിരിച്ചുവിട്ടശേഷം റ്റി.ബി. സെന്ററുകളിലേയ്ക്കും റ്റി.ബി. ക്ലിനിക്കുകളിലേയ്ക്കും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി.) ഉണ്ടാക്കുന്നതിനുള്ള സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ചെയ്തുവരികയാണ്. പ്രസ്തുത ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് കരുവാറ്റ റ്റി.ബി. ക്ലിനിക്കിന്റെ പ്രസ്തുത തുക എച്ച്.എം.സി വഴി ലഭ്യമാക്കുന്നതാണ്. |
| (ഇ) | എൻആർഎച്ച്എം ഉൾപ്പെടെയുള്ള കേന്ദ്ര സംസ്ഥാന ആരോഗ്യ പരിപാലന പദ്ധതികളുടെ പ്രയോജനം സംസ്ഥാനത്തെ റ്റിബി ക്ളിനിക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഇ) | സംസ്ഥാനത്തെ റ്റി.ബി. ക്ലിനിക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എൻ.ആർ.എച്ച്.എം. ഉൾപ്പെടെയുള്ള കേന്ദ്ര സംസ്ഥാന ആരോഗ്യ പരിപാലന പദ്ധതികളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |

B.V.Kumar

സെക്ഷൻ ഓഫീസർ